# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4755 — 29.06.2012 ൽ മറുപടിക്ക്

## ഗ്രാമപഞ്ചായത്ത് ഓഫീസ് ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ പ്രദർശിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി : | ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി ) |
| (എ) ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഉദ്യോഗസ്ഥരുടെ പേരും, അവർ വഹിക്കുന്ന ചുമതലകൾ സംബന്ധിച്ച വിവരങ്ങളും, ഓഫീസിലെ ഹാജർ നിലയും പൊതുജനങ്ങൾക്ക് മനസ്സിലാകും വിധം പരസ്യ ബോർഡ് പ്രദർശിപ്പിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇപ്രകാരം ബോർഡ് സ്ഥാപിക്കുന്നതിന് നിർദ്ദേശിക്കുമോ; | (എ) ഗ്രാമ പഞ്ചായത്ത് ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ പേര്, ഔദ്യോഗിക പദവി, ഹാജർനില തുടങ്ങിയവ ഉൾക്കൊള്ളുന്ന ഹാജർബോർഡ് സ്ഥാപിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) നിലവിൽ നിർദ്ദേശമുണ്ടെങ്കിൽ അപ്രകാരം ബോർഡ് സ്ഥാപിക്കപ്പെട്ടിട്ടുണ്ടെന്നും അവ പരിപാലിക്കുന്നുണ്ടെന്നും പരിശോധിച്ച് ഉറപ്പാക്കാൻ ജില്ലാതല ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാമോ ? | (ബി) നിർദ്ദേശങ്ങൾ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ